# 1
# അഭിവാദ്യം
## (1:1, 2)

ഉത്തുംഗമായ പ്രയോഗങ്ങളായ “വിശുദ്ധന്മാർ,” “കൃപ,” “സമാധാനം” എന്നീ പ്രയോഗങ്ങളാലാണ് പൗലൊസ് അഭിവാദ്യം ചെയ്തിരിക്കുന്നത്.

### വിശ്വസ്ത വിശുദ്ധന്മാർക്കുള്ള ഒരു ലേഖനം
### (1:1)

**[1]ദൈവേഷ്ടത്താൽ ക്രിസ്തുയേശുവിന്റെ അപ്പൊസ്തലനായ പൗലൊസ്, എഫെസൊസിലുള്ള വിശുദ്ധന്മാരും ക്രിസ്തുവേശുവിൽ വിശ്വാസിക ളുമായവർക്ക് എഴുതുന്നത്.**

താൻ ആർക്ക് ലേഖനം എഴുതിയോ അവർക്ക് റോമാ സാമ്രാജ്യത്തിലെ നിലവാരമനുസരിച്ച് ലേഖനം തന്റെ പേർ പറഞ്ഞു വന്ദനവും അറിയിച്ചുകൊണ്ടാണ് ആരംഭിക്കുന്നത്.[1] സാധാരണ പൗലൊസ് കൊടുത്തയക്കുന്ന-വരുടെ പേർ പറഞ്ഞുകൊണ്ട് ആരംഭിക്കുന്നതിൽനിന്നു വ്യത്യസ്തമായാണ് ഇത് ആരംഭിക്കുന്നത്. റോമാ ലേഖനം ഒഴിച്ച് പൗലൊസിന്റേതാണെന്ന് ആധികാരികമാക്കിയവയിലെല്ലാം അഭിവാദ്യത്തിൽ മറ്റുള്ളവരുടേ പേർ പറഞ്ഞിരിക്കുന്നു. എഫെസ്യ ലേഖനത്തിൽ അയക്കുന്നത് താൻ തന്നെയാണെന്ന് വ്യക്തമാക്കുന്നു.

**വാക്യം 1. ദൈവേഷ്ടത്താൽ ക്രിസ്തുവേശുവിന്റെ അപ്പൊസ്തലനായ പൗലൊസ്.** പൗലൊസ് ഔദ്യോഗികമായി എഫെസ്യർക്ക് എഴുതുന്ന ലേഖനമാണ് ഇതെന്ന് ആ വാക്കുകൾ തെളിയിക്കുന്നു. “അപ്പൊസ്തലൻ” എന്ന വാക്ക് സൂചിപ്പിക്കുന്നത്, “ഒരാളെ അവന്റെ മേലധികാരി ആജ്ഞ കൊടുത്തയക്കുന്നു എന്നാണ്”[2]; താൻ ദൈവത്താൽ അധികാരപ്പെടുത്തിയ ക്രിസ്തുവിന്റെ പ്രതിനിധിയാണെന്ന് പൗലൊസ് ഉറപ്പിച്ചു പറയുന്നു. കൊരിന്ത്യർ പൗലൊസിന്റെ അപ്പൊസ്തലത്വത്തെ ചോദ്യം ചെയ്തിരുന്നു. അതുകൊണ്ട് അവർക്കുള്ള തന്റെ രണ്ടു ലേഖനങ്ങളിലും, ഒരു അപ്പൊസ്തലന്റെ യോഗ്യതകൾ അവൻ വരച്ചു കാണിച്ചിരിക്കുന്നു. അവൻ ഉയർത്തെഴുന്നേൽപിനു സാക്ഷിയായിരുന്നു (1 കൊ. 15:8: 9:1; പ്രവൃ. 1:22 നോക്കുക), കൊരിന്ത്യ സഭ നിലനിൽക്കുന്നത് (1 കൊ. 9:2), അവൻ ചെയ്ത അത്ഭുതപ്രവൃത്തികൾ (2 കൊ. 12:12) എന്നിവ അവൻ വാസ്തവത്തിലുള്ള അപ്പൊസ്തലനാണെന്ന് തെളിയിക്കുന്നു. പൗലൊസിന്റെ നിയമനവും അധികാരവും അവനിൽനിന്നു വന്നതായിരുന്നില്ല, പിന്നെയോ ദൈവം അവനെ തിരഞ്ഞെടുത്ത് അപ്പൊസ്തലനാക്കിയതായിരുന്നു.

**വാക്യം 1.** ലേഖനം സംബോധന ചെയ്തിരിക്കുന്നത് **എഫെസൊസിലെ വിശുദ്ധന്മാർക്കാണ്.** (ഈ പുസ്തകത്തിൽ ആരംഭത്തിലുള്ള “മുഖവുര” എന്ന പാഠം നോക്കുക.) അതിനർത്ഥം വായനക്കാർ “ദൈവം തനിക്കായി

വേർതിരിച്ച വിശുദ്ധ ജനമാണ് എന്നത്രെ."[3] ക്രിസ്തുവിൽ ദൈവം അവരെ തിരഞ്ഞെടുത്തപ്പോൾ, പൗലൊസ് അവരിൽ വിശുദ്ധി കണ്ടുവെന്നു വാക്യം 4 സൂചിപ്പിക്കുന്നു. ക്രിസ്തു സഭയ്ക്കു വേണ്ടി മരിച്ചതിന്റെ ഫലമായാണ് വിശുദ്ധി വരുന്നത് എന്ന് 5:26, 27-ൽ പറഞ്ഞിരിക്കുന്നു.

**വാക്യം 1.** അവൻ ലേഖനം എഴുതിയ ക്രിസ്ത്യാനികൾ **വിശ്വസ്തരായിരുന്നു.** "വിശ്വസ്തർ" (*പിസ്റ്റോസിൽ* നിന്ന്) എന്നു പറയുന്നത് വെറുതെ യോഗ്യരായവർ, അല്ലെങ്കിൽ വിശ്വസിക്കുവാൻ കൊള്ളാകുന്നവർ എന്നല്ല, മറിച്ച് അനുസരണമുള്ള വിശ്വാസത്താൽ സുവിശേഷത്തോട് പ്രതികരിച്ചവരാണ്. അവിശ്വാസികൾക്ക് വിപരീതമായി ഇതേ വാക്ക് പൗലൊസ് ഗലാത്യർ 6:10-ൽ ഉപയോഗിച്ചിരിക്കുന്നു. വിശ്വാസികളെ പറയുവാൻ ആ വാക്ക് 1 തിമൊ. 4:10, 12; 5:16; 6:2 ലും തിത്തൊ. 1:1, 6 ലും ഉപയോഗിച്ചിട്ടുണ്ട്. ദൈവത്തിന്റെ വിളിയെ വിശ്വാസപൂർവ്വം സ്വീകരിച്ച, അവന്റെ കരുണാധിക്യപ്രകാരം വിശുദ്ധ ജനമാകുവാൻ തിരഞ്ഞെടുത്തവരെയാണ് പൗലൊസ് സംബോധന ചെയ്യുന്നത്.

അവസാനമായി, എഫെസ്യയിലുള്ള സഹോദരന്മാരെ **ക്രിസ്തുയേശുവിൽ** ഉള്ളവർ എന്നാണ് പറഞ്ഞിരിക്കുന്നത്. "ഇൽ" എന്നത് വിശുദ്ധന്മാരും വിശ്വസ്തരുമായവർ ജീവിക്കുന്ന പ്രതലത്തെയാണ് സൂചിപ്പിക്കുന്നത്. "ക്രിസ്തുയേശുവിൽ" എന്ന പ്രയോഗം പറയുന്നത് "അഭിഷിക്തനായവൻ"[4] എന്നാണ്. ("ക്രിസ്തു" എന്നത് പദവിയെയും "യേശു" എന്നത് അവന്റെ വ്യക്തിത്വത്തെയും തിരിച്ചറിയിക്കുന്നു). ആ പദവി പൗലൊസിന്റെ എഴുത്തുകളിൽ 164 പ്രാവശ്യം കാണാം.[5] അതേ പ്രയോഗം അല്ലെങ്കിൽ അതിനു തുല്യമായത് 23 പ്രാവശ്യം എഫെസ്യ ലേഖനത്തിലും, 10 പ്രാവശ്യം 1:2-14 ലും കാണാം.

ഈ ലേഖനത്തിന്റെ ഗുണഭോക്താക്കൾ ജീവിച്ചിരുന്നത് "ക്രിസ്തുവുമായ ബന്ധത്തിലായിരുന്നു."[6] സുവിശേഷം അനുസരിച്ചതിനാൽ, അവർ സ്നാനത്താൽ ക്രിസ്തുവിനോട് ചേർന്നിരുന്നു (റോമ. 6:3; ഗലാ. 3:27 നോക്കുക). ക്രിസ്തുവുമായി അവർക്കു ലഭിച്ച പുതിയ ബന്ധം അവരെ വിശുദ്ധജനം, വിശ്വാസമുള്ള ജനം എന്നു വിളിക്കുവാൻ തുടങ്ങി.

## "കൃപ" യും "സമാധാനവും" (1:2)

**[2]നമ്മുടെ പിതാവായ ദൈവത്തിങ്കൽനിന്നും കർത്താവായ യേശുക്രിസ്തുവിങ്കൽനിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ.**

**വാക്യം 2.** ഗ്രീക്കിൽ പൗലൊസിന്റെ മറ്റു അഞ്ചു ലേഖനങ്ങളിലും ഇതേ വാക്ക് കാണാം,[7] ചില മാറ്റങ്ങളോടുകൂടി മറ്റു ഏഴു ലേഖനങ്ങളിലും കാണാം.[8] **കൃപ**യുടേയും (*കാരിസ്*), **സമാധാന**ത്തിന്റേയും (*എയിരെനെ*) ഉത്ഭവം **ദൈവവും ക്രിസ്തുവും** ആണെന്ന് പൗലൊസ് പറയുന്നു, അത് ലഭിച്ച് "അനർഹമായ ആനുകൂല്യവും ദൈവത്തിൽനിന്നും ക്രിസ്തുവിൽനിന്നും ഒഴുകുന്നത് അനുഭവിക്കുന്നതിനും, തന്റെ വായനക്കാർ പ്രാർത്ഥിക്കു-വാനായി അവൻ ആഗ്രഹിക്കുന്നു."[9]

"കൃപയും" "സമാധാനവും" ലേഖനത്തിന്റെ അവസാനവും യോജിപ്പിച്ച് (6:23, 24) വേറെയും ലേഖനത്തിലുടനീളം പറഞ്ഞിരിക്കുന്നു. അവൻ തന്റെ ജനത്തിന്റെ തികഞ്ഞ യജമാനനാകുവാൻ സകല അധികാരവുമുണ്ടെന്ന

അർത്ഥത്തിൽ, വന്ദനം പറഞ്ഞപ്പോൾ, "യേശുവിനെ" **കർത്താവ്** എന്നാണ് പൗലൊസ് വിശേഷിപ്പിച്ചത്.[10]

---

കുറിപ്പുകൾ

[1]ആൻഡ്രൂ ടി. ലിങ്കൺ, *എഫെഷ്യൻസ്*, വേർഡ് ബിബ്ളിക്കൽ കമെന്ററി, വാല്യം. 42 (ഡള്ളാസ്: വേർഡ് ബുക്ക്സ്, 1990), 4. [2]ആർ. സി. എച്ച്. ലെൻസ്കി, *ദ ഇന്റർപ്രെട്ടേഷൻ ഓഫ് സെന്റ്.പോൾസ് എപ്പിസ്റ്റിൽസ് ടു ദ ഗലേഷ്യൻസ്, ടു ദ എഫെഷ്യൻസ് ആന്റ് ടു ദ ഫിലിപ്പിയൻസ്* (കൊളംബസ്, ഒഹിയോ: വാർട്ബർഗ് പ്രസ്, 1946, റീപ്രിന്റ്, മിന്നെപ്പൊലിസ്: ആസ്ബർഗ് പബ്ലിഷിങ് ഹൗസ്, 1961), 344. [3]ലിങ്കൺ, 5. [4]സ്പൈറോസ് സോദിയേറ്റ്സ്, എഡി., *ദ കംപ്ലീറ്റ് വേർഡ് സ്റ്റഡി ന്യൂടെസ്റ്റമെന്റ്*, 2ഡ് എഡി. (ചാറ്റനൂഗാ, ടെന്ന.: ഏഎംജി പബ്ലിഷേഴ്സ്, 1992), 968. [5]ലെൻസ്കി, 346. [6]ഇബിഡ്. [7]റോമ.. 1:7; 1 കൊ. 1:3; 2 കൊ. 1:2; ഫിലി. 1:2; ഫിലെ. 3. [8]ഗലാ. 1:3; കൊലൊ. 1:2; 1 തെസ്സ. 1:1; 2 തെസ്സ. 1:2; 1 തിമൊ. 1:2; 2 തിമൊ. 1:2; തിത്തൊ. 1:4. [9]ലിങ്കൺ, 6. [10]എതെൽബർട്ട് ഡബ്ലിയു. ബല്ലിഞ്ചർ, *ഏ ക്രിട്ടിക്കൽ ലെക്സിക്കൻ ആന്റ് കൺകോർഡൻസ് ടു ദ ഇംഗ്ലീഷ് ആന്റ് ഗ്രീക്ക് ന്യൂടെസ്റ്റമെന്റ്* (ലണ്ടൻ: സാമുവേൽ ബാഗ്സ്റ്റർ ആന്റ് സൺസ്, എൻ. ഡി.; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, റീജെൻസി റെഫറൻസ് ലൈബ്രറി, 1975), 466.